ആർ.ബി.ഐ/2005-06/282
ഡി.ബി.ഒ.ഡി ബി.പി. ബി സി നം 56/21.01.001/2005-06

എല്ലാ കമേർസ്യൽ ബാങ്കുകളിലേയും
ചെയർമാൻ/ചീഫ് എക്സിക്യൂട്ടീവ് എന്നിവരുടെ അറിവിലേക്ക്

സർ,

**അക്കൗണ്ട് പേയി ചെക്കുകളുടെ കളക്ഷൻ**
**തുക തേർഡ് പാർട്ടി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന്മേലുള്ള നിരോധനം.**

അക്കൗണ്ട് പേയി എന്നടയാളപ്പെടുത്തിയിട്ടുള്ള ചെക്കുകൾ ചെക്ക് ആരുടെ പേരിലാണോ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽത്തന്നെ നിക്ഷേപിക്കേണ്ടതാണ് എന്നകാര്യം എല്ലാ ബാങ്കുകൾക്കും അറിവുള്ളതാണല്ലോ. 1992 സെപ്തംബർ 9ന് ഞങ്ങൾ പുറപ്പെടുവിച്ച DBOD BC.23/21.01.001/ 92 നമ്പർ സർക്കുലറിൽ ഇതു സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അക്കൗണ്ട് പേയി ചെക്കുകൾ (A/C Payee എന്ന അടയാളപ്പെടുത്തിയിട്ടുള്ള ചെക്കുകൾ) മറ്റുബാങ്കുകളിൽ നിന്ന് ലഭിക്കുമ്പോൾ, അത്, ചെക്ക് എടുത്ത ആളിന്റെ മതിയായ അധികാരപ്പെടുത്തൽ കൂടാതെ, പ്രസ്തുത ചെക്കിൽ പേരു രേഖപ്പെടുത്താത്തവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റു ചെയ്യുന്നത് മൂലം സംഭവിക്കുന്ന പ്രശ്നങ്ങൾക്ക് അപ്രകാരം ചെയ്യുന്ന ബാങ്കുകൾ തന്നെ ഉത്തരവാദികളായിരിക്കുമെന്നും, ഈ വിധത്തിലുള്ള ക്രയവിക്രയങ്ങൾ നിയമവിരുദ്ധമായി കണക്കാക്കുന്നതാണെന്നും പ്രസ്തുത സർക്കുലറിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

2. അടുത്ത കാലത്തായി ചില വ്യക്തികൾ /സ്ഥാപനങ്ങൾ ഇനീഷ്യൽ പബ്ലിക് ഓഫർ (IPO) പ്രക്രിയ ദുരുപയോഗപ്പെടുത്താൻ ശ്രമിച്ചതിനെ സംബന്ധിച്ച് SEBI ക്ക് റിപ്പോർട്ടുകൾ ലഭിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ, ഈ ദുരുപയോഗം ഏതു വിധത്തിലാണ് സാധിക്കുന്നത് എന്നു വ്യക്തമായി മനസ്സിലാക്കുന്നതിനുവേണ്ടി, റിസർവ് ബാങ്ക്, ഏതാനും ബാങ്കുകളിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ, ബാങ്കുകൾ, വ്യക്തികളുടെ പേരിലുള്ള അക്കൗണ്ട് പേയീ റീഫണ്ട് ഓർഡറുകൾ, DP-ദായകരുടെ അഭ്യർത്ഥമാനിച്ച്, ഇടനിലക്കാരുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ളതായി ഈ അന്വേഷണങ്ങൾ വ്യക്തമാക്കുന്നു. ഇത് പണമിടപാടിൽ കൃത്രിമത്വം നടക്കാനും തെറ്റായ പ്രവർത്തനങ്ങൾ നടക്കാനും ഇടവരുത്തും. അക്കൗണ്ട് പേയിചെക്കുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് നിലവിലുള്ള നടപടിക്രമങ്ങളിൽ നിന്ന് ബാങ്കുകൾ വ്യതിചലിച്ചിട്ടില്ലായിരുന്നെങ്കിൽ ഇത്തരം കൃത്രിമങ്ങൾ നടക്കുകയില്ലായിരുന്നു. നിലവിലുള്ള കമ്പോളസാഹചര്യങ്ങൾക്ക് അനുയോജ്യമാം വിധം നടത്തിയ ഒരു പ്രവർത്തനം എന്ന നിലയിലും നടപടിക്രമങ്ങളിൽ നിന്നുള്ള ഈ വ്യതിയാനത്തെ അംഗീകരിക്കാനാവില്ല. കാരണം, ഇത്തരം വ്യതിയാനങ്ങൾ ബാങ്കുകളെ പലതരം അപകട ഭീഷണികളിൽ പെടുത്തിയേക്കാം.

3. ഈ സാഹചര്യത്തിൽ, നിയമപരമായ ആവശ്യങ്ങൾ - പ്രത്യേകിച്ചും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ - കണക്കിലെടുത്തുകൊണ്ടും, നിയമാനുസൃതം അധികാരപ്പെടുത്താത്ത പണമിടപാടുകൾ മൂലമുണ്ടാകുന്ന ബാധ്യതകളിൽ നിന്ന് ബാങ്കുകളെ പരിരക്ഷിക്കുന്നതിനായും ബാങ്കിങ്ങ് വ്യവസ്ഥയുടെ പൊതുവായ വിശ്വാസ്യതയും ഭദ്രതയും കാത്തുസൂക്ഷിക്കുന്നതിനായും അടുത്ത കാലത്ത് ഉണ്ടായതു പോലുള്ള വ്യതിയാനങ്ങൾ തടയുന്നതിനു വേണ്ടി താഴെപറയുന്ന വിധത്തിലുള്ള നിരോധനം നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് റിസർവ് ബാങ്ക് കരുതുന്നു. ഇതനുസരിച്ച് 'അക്കൗണ്ട് പേയീ' ചെക്കുകൾ, പ്രസ്തുത ചെക്ക് ഏതു പേരിലാണോ ആ പേരിലുള്ള അക്കൗണ്ടൊഴിച്ച് മറ്റ് ഏതെങ്കിലും അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്യുന്നതിൽ നിന്ന് ബാങ്കുകളെ വിലക്കാൻ തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം, അക്കൗണ്ട് പേയി (A/C Payee) ചെക്കുകൾ, ചെക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പേരിലുള്ള അക്കൗണ്ടിലൊഴികെ മറ്റൊരാളുടെ പേരിലും ക്രെഡിറ്റു ചെയ്യാൻ പാടുള്ളതല്ല എന്ന് റിസർവ് ബാങ്ക് എല്ലാ ബാങ്കുകളോടും നിർദ്ദേശിക്കുന്നു.

4. ചെക്ക് എടുത്ത വ്യക്തിയോ/ ചെക്ക് ആരുടെ പേരിലാണോ ആവ്യക്തിയോ പ്രസ്തുത ചെക്കിലെ തുക, ചെക്ക് (ചെക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും) വ്യത്യസ്തമായ ഏതെങ്കിലും പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിർദേശിക്കുകയാണെങ്കിൽ, പ്രസ്തുത നിർദ്ദേശം A/C Payee ചെക്കിന്റെ അടിസ്ഥാന സ്വഭാവത്തിനും ഉദ്ദേശത്തിനും വിരുദ്ധമായതുകൊണ്ട് ബന്ധപ്പെട്ടവരോട് ചെക്ക് അല്ലെങ്കിൽ A/C Payee സമ്മതപത്രം പിൻവലിക്കാൻ ബാങ്ക് നിർദ്ദേശിക്കേണ്ടതാണ്. ഒരു ബാങ്ക്, മറ്റൊരു ബാങ്കിനു നല്കുന്നതിനായി തയ്യാറാക്കുന്ന ചെക്കുകൾക്കും ഈ നിർദ്ദേശം ബാധകമായിരിക്കും. 1992 സെപ്തംബർ 9 ന് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള DBOD No. BC. 23/21.01.001/92 നമ്പറിലുള്ള സർക്കുലർ മേൽ പറഞ്ഞ വ്യവസ്ഥകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പുതുക്കിയതായികണക്കാക്കേണ്ടതാണ്.

5. 1949 ലെ ബാങ്കിംഗ് നി.യന്ത്രണ നിയമം, വകുപ്പ് 35 എ അനുസരിച്ചുള്ള അധികാരം ഉപയോഗിച്ചാണ്, ഈ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

വിശ്വസ്തയോടെ

(ആനന്ദ് സിൻഹ)

എക്സിക്യൂട്ടീവ് ഡയറക്ടർ)